LIBRARY ARCHIVES Kerala Legislative Assembly

ജലദൗർല്ലഭ്യം

*വ്യ ചന്ദ്ര. (൭൮) ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെകാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യവും ആരോഗ്യവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വേനൽക്കാലത്തു പൊൻകുന്നത്തും സമീപപ്രദേശങ്ങളിലും കുടിക്കുവാൻ വെള്ളം ലഭിക്കുന്നതിനു് വളരെ വൈഷമ്യങ്ങളുണ്ടെന്നു് ബഹുമാനപ്പെട്ട പൊതുജനാരോഗ്യ മന്ത്രിക്കു് അറിവുണ്ടോ;

(ബി) കുടിക്കുവാനുള്ള വെള്ളം ലഭിക്കത്തക്കവിധം പ്രായോഗിക നിർദ്ദേശങ്ങളടങ്ങിയ ഒരു നിവേദനം പൊൻകുന്നം നിവാസികളിൽനിന്നും ഗവണ്മെണ്ടിലേക്ക ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ:

(എ) അറിവുണ്ടു്.

(ബി) ഇല്ല.

ഒരു ആശുപത്രിയുടെ ആവശ്യകത

*വ്യ ചോ. (൭൯) ശ്രീ. കളത്തിൽ വേലായുധൻനായർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവും ആരോഗ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

മണിമല ഒരു ആശുപത്രി സ്ഥാപിച്ചു കിട്ടുന്നതിനു ഒരു നിവേദനം പൊതുജനങ്ങളിൽ നിന്നും ഗവണ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടു്.

പബ്ലിക്കു്സർവ്വീസു് കമ്മീഷൻ രൂപീകരണം

*വ്യ ചോ. (൭൭) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്കു്സർവ്വീസു് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നിയമങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്;

(ബി) വളരെ കാലങ്ങൾക്കുമുൻപു് രജിസ്റ്റർ ചെയ്തിട്ടുള്ളവരും നാളിതുവരെ ഉദ്യോഗനിയമനം ലഭിക്കാത്തവരുമായി വളരെ അപേക്ഷകരുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവരേ സംബന്ധിച്ചു് എന്തു വ്യവസ്ഥയാണു് സ്വീകരിച്ചിട്ടുള്ളതെന്നു ദയവായി പറയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) പബ്ലിക്കു്സർവ്വീസു് കമ്മീഷൻ നിയമങ്ങൾ അംഗീകരിച്ചിട്ടുണ്ടു്. പക്ഷെ പരസ്യപ്പെടുത്തികഴിഞ്ഞിട്ടില്ല. ഉടൻ ചെയ്യുന്നില്ല.

(ബി) ഉണ്ടു്.

(സി) പബ്ലിക്കു്സർവ്വീസു് കമ്മീഷന്റെ നിയമങ്ങൾ അനുസരിച്ചു അവരുടെ അപേക്ഷകളെക്കുറിച്ചു് സർവ്വീസുകമ്മീഷൻ ആലോചിക്കുന്നതാണു്.

പിന്നോക്കസമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ

*വ്യ ചൻ. (൭൯) പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പിന്നോക്കസമുദായങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും രക്ഷാവ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?